# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1358 14.6.2013 ലെ മറുപടിക്ക്**

പ്രവാസി തിരിച്ചറിയൽ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയിട്ടുണ്ട് എന്നറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിലെത്തിയതു മുതൽ 2013 മെയ് വരെ 33,209 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ തിരിച്ചറിയൽ കാർഡ് നൽകുക വഴി വകുപ്പിന് കിട്ടിയ വരുമാനം എത്രയെന്നും വ്യക്തമാക്കുമോ; | (ബി) പദ്ധതി ആരംഭിച്ചതുമുതൽ ഇതുവരെ മൊത്തം ലഭിച്ച 166946 അപേക്ഷകൾക്ക് മൂന്നു വർഷത്തെ ഇൻഷ്വറൻസ് പ്രീമിയമായി 3,67,20,600/- രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) പ്രവാസി തിരിച്ചറിയൽ കാർഡ് കൊണ്ട് അവർക്ക് കിട്ടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) തിരിച്ചറിയൽ കാർഡ് ഉടമയ്ക്ക് മൂന്നു വർഷം വരെ 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷയും, അപകടത്തിൽ സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം രൂപയും, ഭാഗീകമായ അംഗ വൈകല്യത്തിന് 1 ലക്ഷം രൂപയും ലഭിക്കുന്നതാണ്. ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് നിയമങ്ങൾക്ക് വിധേയമായിരിക്കും. നോർക്ക വകുപ്പ് |

| | |
|---|---|
| | മുഖേന ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾക്ക് ഇത് ഒരു തിരിച്ചറിയൽ രേഖയായി കണക്കാക്കും. |
| (ഡി) പ്രവാസി തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് വകുപ്പ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (ഡി) ഇല്ല. |

**സെക്ഷൻ ഓഫീസർ**